# വിദ്യായനം

## അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

GURUDEVA VILASAM A.L.P. SCHOOL

Estd. 1938

THALAKKULATHUR
KOZHIKODE

# വിദ്യാലയ ചരിത്രം

വാഗ്ഭടാനന്ദ ഗുരുദേവന്റെ ദർശനങ്ങൾ പഠിച്ച് അതിൽ നിന്നും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അത് ജീവിതത്തിൽ പകർത്തി മറ്റുള്ളവർക്ക് മാതൃകയാകുവാൻ തലക്കുളത്തൂർ പ്രദേശത്ത് അന്ന് ജീവിച്ചിരുന്ന പുണ്യാത്മാവായിരുന്ന ഗുരുദേവ വിലാസം എ എൽ പി സ്കൂൾ സ്ഥാപകനായ ശ്രീ വലിയമ്മ കണ്ടി ഉണ്ണീരി.

അങ്ങനെയാണ് ഈ വിദ്യാലയത്തിന് ഗുരുദേവവിലാസം എന്ന പേര് വന്നത്. വിദ്യാഭ്യാസപരമായും സാമൂ ഹികമായും വളരെ പിന്നോക്കം നിന്നിരുന്ന പ്രദേശത്ത് വിദ്യാഭ്യാസ രംഗത്ത് ഹരിശ്രീ കുറിച്ചവരിൽ പ്രമുഖരും പ്രധാനിയുമായിരുന്ന ശ്രീ ഉണ്ണീരി അദ്ദേഹ ത്തിന്റെ പ്രയത്നഫലത്താൽ 1930 കളുടെ ഉത്തരാർദ്ധത്തിൽ സ്ഥാപിതമായ ഒരു സ്ഥാപ നമാണ് ഗുരുദേവവിലാസം എൽ പി സ്കൂൾ . അദ്ദേഹം 1957 ൽ നിര്യാതനായി . അതിനുശേഷം അദ്ദേഹത്തിന്റെ കനായ ശ്രീ വേലായുധൻ മാനേജരായി. 1970 ഡിസംബറിൽ അദ്ദേഹം വിരമിക്കുന്നത് വരെ സ്തുത്യർഹമായ നിലയിൽ ഈ സ്ഥാപനം നടത്തി വ അതിനു ശേഷം 2003 ആഗസ്റ്റ് വരെ ശ്രീമതി . വി ദേവി മാനേജരായി തുടർന്നു. 2018 വരെ ശ്രീമതി ഗീത ധർമരത്നം മാനേജർ ആയി തുടർന്നു. 2018 ൽ ശ്രീ കെ പി മുരളിമാനേജരായി .പൂർവ വിദ്യാർത്ഥികളടങ്ങിയ ഒരു മാനേജ്മെന്റ് ഗ്രൂപ്പായിരുന്നു ഇത്.

ഓല മേഞ്ഞ സ്കൂളിന്റെ മേൽക്കൂര 2004 ജൂൺ മാസത്തിൽ ഷീറ്റ് പടന്നക്കടത്തിൽ സദാനന്ദൻ അന്താനത്ത് ആലി വിജു വി രാഘവ് വിജയൻ ടി കെ കെ പി കുമാരൻ പി ശശി ദേവദാസൻ ബാബു സജീവൻ എന്നിവർ സ്കൂളിൻറെ പ്രസിഡന്റുമാരായിരുന്നു

# നിലവിലുള്ള അധ്യാപകർ

| | | |
|---|---|---|
| Varun prasad v | Head master | Plus two,ttc . |
| Siraj ok | Arabic teacher | Degree,afsal ul ulama |
| Arun pc | lpst | Plus two,ttc |
| Sandra kk | lpst | Plus two,ttc |
| Sijila ur | lpst | Plus two,degree,ttc |
| Sajida pk | lpst | Plustwo,ttc |
| Jubitha m | lpst | Plus two,degree,ttc |
| Jinsha b | lpst | Plus two,degree,ttc |
| Abinav | lpst | Plus two,ttc |
| Amrutha sadhanandan | lpst,htv | Plus two,ttc,degree |

| | |
|---|---|
| സ്ഥാപിതം | 1930 |
| പ്രധാനാധ്യാപകൻ | വരുൺ പ്രസാദ് വി |
| സ്കൂൾ കോഡ് | 17445 |
| സ്ഥലം | പടന്നക്കളം |
| സ്കൂൾ വിലാസം | തലക്കളത്തൂർ,കോഴിക്കോട് 673317 |
| ഇ-മെയിൽ | gdvlps1@gmail.com |
| റവന്യൂ ജില്ല | കോഴിക്കോട് |
| ഉപജില്ല | ചേവായൂർ |
| പഞ്ചായത്ത് | തലക്കളത്തൂർ |
| ബ്ലോക്ക് | ചേളന്നൂർ |
| ക്ലസ്റ്റർ | ജി എം എൽ പി തലക്കളത്തൂർ |
| കുട്ടികളുടെ എണ്ണം | 160 |
| അധ്യാപകരുടെ എണ്ണം | 10 |
| മാനേജർ | കെ പി മുരളി |
| പി ടി എ പ്രസിഡന്റ് | ഷാജി ടി കെ |

# I Std

## മലയാളം

ലക്ഷ്യങ്ങൾ

1. ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു.
2. സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു. വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു.
3. കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു. വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു.
4. നിശ്ചിതപാഠത്തിൽ നിന്ന് ആവശ്യമായ പദങ്ങൾ, ആശയങ്ങൾ എന്നിവ കണ്ടെത്തി പറയുകയും എഴുതുകയും ചെയ്യുന്നു.
5. പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ, സംഭാഷണങ്ങൾ, കവിത, വിവരണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു.
6. ലളിതമായ കഥകൾ ലഘുവാക്യങ്ങളിൽ പറയുകയും എഴുതുകയും ചെയ്യുന്നു.
7. സ്വന്തം അനുഭവങ്ങൾ ലളിതമായ വാക്യങ്ങളിൽ വിവരിക്കുന്നു.
8. അക്ഷരശുദ്ധി, വാക്യശുദ്ധി, ചിഹ്നം, ഇടവിടൽ എന്നിവ പാലിച്ച് രചനയിൽ ഏർപ്പെടുന്നു.
9. പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകൽ.

<u>പ്രതീക്ഷിതനേട്ടങ്ങൾ</u>

- വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കൽ
- പദങ്ങൾ, വാക്യങ്ങൾ, ആശയങ്ങൾ എഴുതുന്നു.
- വരികൾ കൂട്ടിച്ചേർത്ത് പറയുന്നു. പാടുന്നു.
- ആവശ്യമായ പദങ്ങൾ കണ്ടെത്തി പറയുന്നു. എഴുതുന്നു.
- കവിത, സംഭാഷണം, വിവരണം എന്നിവ തയ്യാറാക്കുന്നു.
- കഥകൾ പറയാനും ലഘുവാക്യങ്ങളിൽ എഴുതാനും സാധിക്കുന്നു.
- ഡയറി എഴുത്ത്
- എഴുതാനുള്ള ശേഷി കൈവരിക്കുന്നു.
- മുഴുവൻ കുട്ടികൾക്കും എഴുത്തും വായനയും.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു. | പദകാർഡ് നൽകൽ അക്ഷരകാർഡ് നൽകൽ പദങ്ങൾക്കിടയിൽ വരയിടൽ ആദ്യം ആര്? കൂടുതൽ ആർക്ക്? | ആഗസ്ത് സപ്തംബർ | ക്ലാസ് അധ്യാപിക | - |
| സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു. | പദനിർമ്മാണം വാക്യനിർമ്മാണം വാക്കുകൾ കണ്ടെത്തൽ എത്ര പദങ്ങൾ? പൂരിപ്പിക്കൽ | ആഗസ്ത് ഡിസംബർ | ക്ലാസ് അധ്യാപിക | |
| കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു | പാടാം എഴുതാം വരികൾ കൂട്ടിച്ചേർക്കാം പദങ്ങൾ മാറ്റി എഴുതാം കൂട്ടിച്ചേർക്കാം | സപ്തംബർ ജനുവരി | ക്ലാസ് അധ്യാപിക ബാലസഭ എസ്.ആർ.ജി | |
| നിശ്ചിതപാഠത്തിൽ നിന്ന് ആവശ്യമായ പദങ്ങൾ, ആശയങ്ങൾ എന്നിവ കണ്ടെത്തി പറയുകയും എഴുതുകയും ചെയ്യുന്നു. | വായിക്കാം കണ്ടെത്താം ആദ്യം ആര്? അടിയിൽ വരയ്ക്കാം എടുത്തെഴുതാം | ആഗസ്ത് ജനുവരി | ക്ലാസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ, സംഭാഷണങ്ങൾ, കവിത, വിവരണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു. | കഥയെ മാറ്റിയെഴുതാം സംഭാഷണമെഴുതാം മാറ്റിപ്പാടാം പതിപ്പ് തയ്യാറാക്കൽ | ഒക്ടോബർ ജനുവരി | ക്ലാസ് അധ്യാപിക എസ്.ആർ.ജി | |
| ലളിതമായ കഥകൾ ലഘുവാക്യങ്ങളിൽ പറയുകയും എഴുതുകയും ചെയ്യുന്നു. | ചോദ്യം ചോദിക്കാം ബാക്കിപറയൽ കഥാചാർട്ട് പൂർത്തിയാക്കൽ ചിത്രകാർഡ് സന്ദർഭം പറയൽ | ആഗസ്ത് ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| സ്വന്തം അനുഭവങ്ങൾ ലളിതമായ വാക്യങ്ങളിൽ വിവരിക്കുന്നു. (ഡയറി എഴുത്ത്) | പങ്കുവയ്ക്കാം അസംബ്ലിയിൽ ഡയറിവായന കൂട്ടുകാരോട് ചോദിക്കാം | ഫെബ്രുവരി | ക്ലാസ് അധ്യാപിക എച്ച്.എം (അസംബ്ലി) | |
| അക്ഷരശുദ്ധി,വാക്യശുദ്ധി, ചിഹ്നം, ഇടവിടൽ എന്നിവ പാലിച്ച് രചനയിൽ ഏർപ്പെടുന്നു. | നിശ്ചിതപാഠഭാഗം നോക്കി എഴുതൽ പദകാർഡ് – എഴുത്ത് വാക്കുകൾ , വാക്യങ്ങൾ എഴുതിയ കാർഡ് നൽകൽ | ഒക്ടോബർ ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകൽ | പ്രീ ടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ അക്ഷരകാർഡ് നൽകൽ | | ക്ലാസ് അധ്യാപിക എസ്.ആർ.ജി | |

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

1. ലളിതമായ കഥകൾ കേട്ട് ആസ്വദിക്കൽ
2. നിർദ്ദേശങ്ങള മനസ്സിലാക്കി അനുസരിച്ച് പ്രവർത്തിക്കാനുള്ള ശേഷി വളർത്തിയെടുക്കൽ
3. വായന മെച്ചപ്പെടുത്തൽ
4. വരികൾ കൂട്ടിച്ചേർക്കൽ
5. ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കാനും തന്റെ ആശയങ്ങൾ പ്രകടിപ്പിക്കാനും കഴിയുന്നു. (Communication)

### പ്രതീക്ഷിത നേട്ടങ്ങൾ

- കഥകൾ ഇഷ്ടപ്പെടൽ
- ഇംഗ്ലീഷ് ഭാഷയോട് താത്പര്യം ജനിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലളിതമായ കഥകൾ കേട്ട് ആസ്വദിക്കൽ | Simple stories<br>words cards<br>theature games<br>CD യിൽ കഥകൾ കേട്ടും കണ്ടും ആസ്വദിക്കുന്നു. | എല്ലാ ആഴ്ചയിലും | ക്ലാസ് അധ്യാപിക | - |
| നിർദ്ദേശങ്ങളെ മനസ്സിലാക്കി അനുസരിച്ച് പ്രവർത്തിക്കാനുള്ള ശേഷി വളർത്തിയെടുക്കൽ | Language game<br>Dialogue<br>Word game<br>Word puzzles | എല്ലാ ആഴ്ചയിലും | ക്ലാസ് അധ്യാപിക | |
| വായന മെച്ചപ്പെടുത്തൽ | Reading cards<br>Picture description<br>riddles | എല്ലാ ആഴ്ചയിലും | ക്ലാസ് അധ്യാപിക | |
| വരികൾ കൂട്ടിച്ചേർക്കൽ | action songs<br>add more lines | എല്ലാ ആഴ്ചയിലും | ക്ലാസ് അധ്യാപിക | |
| ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കാനും തന്റെ ആശയങ്ങൾ പ്രകടിപ്പിക്കാനും കഴിയുന്നു. (Communication) | Picture description<br>Who am I<br>Fruits salad – (game)<br>Mask game<br>Head and a tail | എല്ലാ ദിവസവും | ക്ലാസ് അധ്യാപിക | |

## ഗണിതം

### ലക്ഷ്യങ്ങൾ

1. 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയുകയും സാമാന്യമായ സംഖ്യാബോധം ഉറപ്പിക്കുകയും ചെയ്യുന്നു.
2. രണ്ട് സംഖ്യകളുടെ തുക കാണുന്നത് ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. (30 വരെ തുക ലഭിക്കുന്നത്)
3. 20 ൽ താഴെയുള്ള സംഖ്യകളുടെ വ്യവകലനക്രിയ ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു.
4. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു.
5. നാണയങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നു. ഒരു നാണയത്തിന് മറ്റു നാണയങ്ങളുമായുള്ള ബന്ധം കണ്ടെത്താൻ.
6. സംഖ്യാപാറ്റേൺ നിരീക്ഷിച്ച് യുക്തി വിശദീകരിക്കുന്നു.
7. അംഗീകൃതമല്ലാത്ത അളവുകൾ ഉപയോഗിച്ച് നീളം, വീതി അളക്കുന്നു.

### പ്രതീക്ഷിത നേട്ടങ്ങൾ

- 1 മുതൽ 100 വരെ സംഖ്യാബോധം
- സങ്കലനം ശേഷി കൈവരിക്കൽ
- വ്യവകലനം ശേഷി കൈവരിക്കൽ
- നിത്യജീവിതവുമായി ഗണിതത്തെ ബന്ധിപ്പിക്കൽ
- നാണയങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കൽ
- കറൻസിനോട്ട് പരിചയപ്പെടൽ
- സംഖ്യാപാറ്റേൺ സ്വന്തമായി ഉണ്ടാക്കുന്നു.
- അംഗീകൃതമല്ലാത്ത അളവുകൾ ഉപയോഗിച്ച് നീളം, വീതി അളക്കാൻ സാധിക്കുന്നു.

## പരിസരപഠനം

### ലക്ഷ്യങ്ങൾ

1. നിരീക്ഷണം, താരതമ്യം, വർഗീകരണം എന്നിവ പരിപോഷിപ്പിക്കുന്നു. ശാസ്ത്രീയവീക്ഷണം രൂപപ്പെടുത്തുന്നു
2. പരിസ്ഥിതിസൗഹൃദ മനോഭാവം ജനിപ്പിക്കൽ.
3. ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുന്നു.
4. വിവിധ ആഘോഷങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുകയും അവയുടെ ഒരുക്കങ്ങൾ, ആഘോഷിക്കുന്ന രീതി, ചടങ്ങുകൾ എന്നിവയിലൂടെ സാമ്യവ്യത്യാസങ്ങൾതിരിച്ചറിയുകയും വാചികമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു.
5. പ്രധാന ദേശീയദിനാഘോഷങ്ങൾ എന്തൊക്കെയെന്ന് തിരിച്ചറിഞ്ഞ് അവയെക്കുറിച്ച് പറയുന്നു എഴുതുന്നു.
6. നല്ല ആഹാരശീലങ്ങൾ തിരിച്ചറിഞ്ഞ് പാലിക്കുന്നു. വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
7. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. താൽപ്പര്യം ജനിപ്പിക്കുന്നു. കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുന്നു.

### പ്രതീക്ഷിത നേട്ടങ്ങൾ

- നിരീക്ഷണശേഷി കൈവരിക്കുന്നു.
- പരിസ്ഥിതിയുമായി സൗഹൃദം ജനിപ്പിക്കൽ
- ദൈനംദിനജീവിതവുമായുള്ള ബന്ധം മനസ്സിലാക്കുന്നു.
- വിവിധ ആഘോഷങ്ങൾ തിരിച്ചറിയുന്നു.
- ദേശീയ ദിനാഘോഷങ്ങൾ തിരിച്ചറിയുന്നു.
- ആഹാരശീലങ്ങൾ തിരിച്ചറിയുന്നു.
- വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം,താരതമ്യം, വർഗീകരണം എന്നിവ പരിപോഷിപ്പിക്കുന്നു. ശാസ്ത്രീയവീക്ഷണം രൂപപ്പെടുത്തുന്നു. | പരിസരനടത്തം സൂക്ഷ്മതലത്തിലുള്ള നിരീക്ഷണം ക്ലാസിൽ പലഹാര പ്രദർശനം | ജൂലായ് ഫെബ്രുവരി | ക്ലാസ് അധ്യാപിക എച്ച്.എം പി.ടി.എ | ക്ലാസ് പി.ടി.എ |
| പരിസ്ഥിതിസൗഹൃദ മനോഭാവം ജനിപ്പിക്കൽ | ഫീൽഡ് ട്രിപ്പ് പരിസരനടത്തം | ജനുവരി | ക്ലാസ് അധ്യാപിക എസ്.ആർ.ജി | പി.ടി.എ |
| ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുന്നു | ക്ലാസിൽ ഒരു കട പച്ചക്കറിക്കടയിലേക്ക് | നവംബർ ഫെബ്രുവരി | ക്ലാസ് അധ്യാപിക | |
| വിവിധ ആഘോഷങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുകയും അവയുടെ ഒരുക്കങ്ങൾ, ആഘോഷിക്കുന്ന രീതി, ചടങ്ങുകൾ എന്നിവയിലൂടെ സാമ്യവ്യത്യാസങ്ങൾതിരിച്ചറിയുകയും വാചികമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു. | സി.ഡി പ്രദർശനം<br><br>വിവിധ ആഘോഷങ്ങളുടെ ചിത്രപ്രദർശനം<br><br>ഉത്സവപറമ്പിലേക്ക് ഒരു യാത്ര | ഒക്ടോബർ ഫെബ്രുവരി | ക്ലാസ് അധ്യാപിക പി.ടി.എ എസ്.ആർ.ജി | പി.ടി.എ |

# ക്ലാസ് II

## മലയാളം

പൊതുലക്ഷ്യങ്ങൾ

1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നു.
2. വായന പരിപോഷണം
3. കുട്ടിക്കവിതകൾ, പാട്ടുകൾ ഈണത്തിൽ പാടുന്നതിനും ആസ്വദിക്കുന്നതിനും വരികൾ കൂട്ടിച്ചേർക്കുന്നതിനും.
4. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുവാനുള്ള ശേഷി ഉണ്ടാക്കുന്നു.
5. കഥകൾ കേട്ടാസ്വദിക്കുകയും കഥാപൂരണം നടത്തുകയും ചെയ്യുന്നു.
6. ലിഖിത രൂപത്തിലുള്ള ആശയപ്രകടനമാതൃകകൾ പ്രകടമാക്കുക, സ്വതന്ത്രരചനയിൽ ഏർപ്പെടുക.

## പ്രതീക്ഷിത നേട്ടങ്ങൾ

1. ഭാഷാപരമായ ശേഷികൾ കൈവരിക്കുന്നു
2. കുട്ടിയെ മികച്ച വായനക്കാരനാക്കുന്നു.
3. കവിത ആസ്വദിക്കുന്നതിനും ഈണത്തിൽ അവതരിപ്പിക്കുന്നതിനും.
4. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുന്നു.
5. കഥകൾ ആസ്വദിക്കുന്നതിനും കഥാപൂരണം നടത്തുന്നു.
6. വിവിധ ലിഖിതങ്ങളിൽ ഏർപ്പെടുന്നു. സ്വതന്ത്ര്യരചനയിൽ ഏർപ്പെടുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു. | • അക്ഷരകാർഡ് വിതരണം ചെയ്ത് വായനയിലേക്ക് ഊന്നൽ നൽകൽ<br>• ആരേണരണിയിക്കൽ<br>• അക്ഷര-ചിത്ര-വാക്യ കാർഡുകൾ ഉപയോഗിച്ചുള്ള വായന<br>• വാക്യനിർമ്മാണം - ചിത്രങ്ങൾ നിരീക്ഷിച്ച്<br>• അക്ഷരപ്പാട്ടുകൾ - ശേഖരണം, അവതരണം | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ് ടീച്ചർ | |
| വായന പരിപോഷിപ്പിക്കൽ | • വായനകാർഡുകൾ നിർമ്മാണം<br>• പത്രവായന, ഡയറിക്കുറിപ്പ് തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കൽ<br>• വായിച്ച ലൈബ്രറി പുസ്തകങ്ങളുടെ വായനാകുറിപ്പ് തയ്യാറാക്കൽ, അവതരിപ്പിക്കൽ<br>• വായനാനുഭവങ്ങൾ കുട്ടികൾ പരസ്പരം പങ്കുവയ്ക്കൽ<br>• വായനാമത്സരം സംഘടിപ്പിക്കുക<br>• പുസ്തകക്വിസ് സംഘടിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500 |

# ക്ലാസ് II

## ഇംഗ്ലീഷ്

പൊതുലക്ഷ്യങ്ങൾ

1. കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ Love English Programme.
2. ഇംഗ്ലീഷ് ഭാഷകേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. (Communication English)
3. ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.
4. ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു.
5. ചിത്രവായന നടത്തി ലഘുവാക്യങ്ങൾ എഴുതുന്നു, പറയുന്നു.
6. വരികൾ കൂട്ടിച്ചേർക്കുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- ഇംഗ്ലീഷിനോടുള്ള താൽപര്യം ഉണ്ടാകുന്നു.
- To develop communication skill.
- To develop English vocabulary
- To develop English knowledge and expressions.
- making sentences with 'ing' forms.
- in, on prepositions.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ | • Letter card<br>• Word card<br>• Rearrange the letters and words<br>• action songs<br>• Puzzles, Magic square<br>• Audio, Vedio സംവിധാനങ്ങൾ ഉപയോഗിച്ച് Rhymes, Stories എന്നിവ കേൾപ്പിക്കാൻ | June to March | Class teacher | SRG<br>SSA |
| ഇംഗ്ലീഷ് ഭാഷ കേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. | • പാഠഭാഗത്തെ നാടകീകരണസന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ | February | Class teacher | SRG<br>SSA |
| ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ | • A day a word അവതരണം<br>• My English word നോട്ടീസ് ബോർഡിൽ പ്രദർശനം.<br>• അതിന്റെ reading & writing<br>• Note book ൽ രേഖപ്പെടുത്തൽ | June to March | Class teacher | |
| ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു. | • Class room market & field trip to market<br>• Communicative English class ആഴ്ചയിൽ ഒരു ദിവസം<br>• Speech about something in English Assembly | September to February | Resource Teacher | PTA<br>Rs.5000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ | • Letter card<br>• Word card<br>• Rearrange the letters and words<br>• action songs<br>• Puzzles, Magic square<br>• Audio, Vedio സംവിധാനങ്ങൾ ഉപയോഗിച്ച് Rhymes, Stories എന്നിവ കേൾപ്പിക്കാൻ | June to March | Class teacher | SRG<br>SSA |
| ഇംഗ്ലീഷ് ഭാഷ കേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. | • പാഠഭാഗത്തെ നാടകീകരണസന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ | February | Class teacher | SRG<br>SSA |
| ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ | • A day a word അവതരണം<br>• My English word നോട്ടീസ് ബോർഡിൽ പ്രദർശനം.<br>• അതിന്റെ reading & writing<br>• Note book ൽ രേഖപ്പെടുത്തൽ | June to March | Class teacher | |
| ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു. | • Class room market & field trip to market<br>• Communicative English class ആഴ്ചയിൽ ഒരു ദിവസം<br>• Speech about something | Septemb er to February | Resource Teacher | PTA Rs.5000/- |

| | | | | |
|---|---|---|---|---|
| | in English Assembly | | | |

ക്ലാസ് II

പരിസരപഠനം

പൊതുലക്ഷ്യങ്ങൾ

1. സ്വന്തം നാടിനെക്കുറിച്ചറിയുന്നു, വീടിനെക്കുറിച്ചറിയുന്നു.
2. തൊഴിലുകളുടെ വ്യത്യസ്തത തിരിച്ചറിയുന്നു.
3. ആരോഗ്യശുചിത്വശീലങ്ങൾ പാലിക്കാൻ പ്രാപ്തരാക്കുന്നു.
4. ജീവനുള്ളവയുടെ പ്രത്യേകതകൾ
5. ലഘുപരീക്ഷണ നിരീക്ഷണങ്ങൾ
6. വിവിധ വാഹനങ്ങളും റോഡ് നിയമങ്ങളും അറിയൽ.
7. ഭക്ഷണസാധനങ്ങൾ - ധാരണ

പ്രതീക്ഷിതനേട്ടങ്ങൾ

- സ്വന്തം ചുറ്റുപാടിനെക്കുറിച്ചുള്ള ധാരണ.
- തൊഴിലിന്റെ മഹത്വം തിരിച്ചറിയുന്നു.
- ആരോഗ്യശുചിത്വബോധം ഉണ്ടാക്കൽ.
- ജീവികൾ കൂടുതൽ അറിവ്
- പരീക്ഷണ നിരീക്ഷണ പ്രാവീണ്യം
- റോഡ് നിയമങ്ങളെക്കുറിച്ചുള്ള ധാരണ
- ഭക്ഷണസാധനങ്ങളെക്കുറിച്ചുള്ള അറിവ്

ക്ലാസ് : II

വിഷയം : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| സ്വന്തം നാടിനെക്കുറിച്ചും വീടിനെക്കുറിച്ചും അറിയുന്നു | • പലതരം വീടുകൾ - ഒരു സന്ദർശനയാത്ര<br>• പലതരം വീടുകൾ, വീടു നിർമ്മാണഘട്ടങ്ങൾ - സന്ദർശനം<br>• ചിത്രശേഖരണവും, പതിപ്പ് തയ്യാറാക്കൽ (പഴയകാല വീടുകൾ)<br>• പഴയകാലവീടുകളെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി മുതിർന്നവരുമായി ഒരു അഭിമുഖം<br>• വീടുനിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലുകൾ കണ്ടെത്തൽ<br>• സ്വന്തം നാടിനെക്കുറിച്ചടുത്തറിയാൻ ഫീൽഡ്ട്രിപ്പ് | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500/- |
| തൊഴിലുകളുടെ വ്യത്യസ്തത തിരിച്ചറിയുന്നു | • തൊഴിൽ കൂടുതലറിയാൻ ഒരു സർവ്വെ<br>• മുതിർന്നവരുമായി ഒരു അഭിമുഖം (വിഷയം - പഴയകാല തൊഴിലുകൾ)<br>• ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കു | സപ്തംബർ മുതൽ ഡിസംബർ | ക്ലാസ് ടീച്ചർ | പി.ടി.എ 1000/- |

| | | | | |
|---|---|---|---|---|
| | • എന്റെ ഇഷ്ടവിഭവം-കുറിപ്പ്<br>• വിവിധ കറികൾ, പലഹാരങ്ങൾ – അവയുടെ നിർമ്മാണ രീതി-പതിപ്പ് തയ്യാറാക്കൽ | | | |

**ക്ലാസ് II**

**ഗണിതം**

**പൊതുലക്ഷ്യങ്ങൾ**

1. 1000 വരെയുള്ള സംഖ്യാബോധം നേടുന്നു.
2. സങ്കലനം, വ്യവകലനം, ഗുണനം (2,5,10) എന്നീ ക്രിയകളിൽ പ്രാവീണ്യം നേടൽ.
3. സങ്കലനം, വ്യവകലനം, ഗുണനം എന്നീ ക്രിയകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നം പരിഹരിക്കുന്നു.
4. നാണയങ്ങൾ, കറൻസികൾ പരിചയപ്പെടൽ, വ്യവഹാരക്രിയകൾ ചെയ്യൽ.
5. ചാൺ, ചുവട് എന്നിവയിലുള്ള ധാരണ.
6. കലങ്ങൾ പരിചയപ്പെടൽ അതുമായി ബന്ധപ്പെട്ട പാറ്റേണുകൾ
7. യുക്തി ചിന്ത, മനഃക്കണക്ക് എന്നിവയിൽ പ്രാവീണ്യം നേടൽ
8. ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ.

**പ്രതീക്ഷിതനേട്ടങ്ങൾ**

- സംഖ്യാബോധം
- സങ്കലനം, വ്യവകലനം ഉപയോഗിച്ച് പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- നാണയങ്ങൾ, കറൻസി ഉപയോഗിച്ചുള്ള പ്രശ്നനിർധാരണം.
- ചാൺ, ചുവട് എന്ന ധാരണ.

- കലണ്ടറുമായി ആഴത്തിലുള്ള അറിവ്.
- യുക്തിചിന്ത, മനക്കണക്ക് ഉപയോഗിച്ച് പ്രശ്നനിർദ്ധാരണം.
- ജ്യാമിതീയരൂപങ്ങളിലുള്ള അറിവ്.

ക്ലാസ് : II

വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1000 വരെയുള്ള സംഖ്യാബോധം നേടുന്നു. | • സംഖ്യാകാർഡുകൾ നൽകുന്നു.<br>• സംഖ്യാകാർഡിലെ സംഖ്യകൾ കൂട്ടി തിരിച്ചറിഞ്ഞ് പൊതുവായി അവതരിപ്പിക്കൽ.<br>• ഈർക്കിൽ, മഞ്ചാടി ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കൽ.<br>• സ്വന്തമായുള്ള സംഖ്യാകാർഡ് നിർമ്മാണം | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ് ടീച്ചർ | പി.ടി.എ 500/- |
| സങ്കലനം, വ്യവകലനം, ഗുണനം (2,5,10) എന്നീ ക്രിയകൾ പ്രാവീണ്യം ഇവ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | • സംഖ്യാകാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>• ക്ലാസിൽ ഒരു കളിച്ചന്ത തയ്യാറാക്കൽ.<br>• കടയിലേക്ക് ഒരു യാത്ര.<br>• വിലവിവരപട്ടിക-ശേഖരണം<br>• അബാക്കസ്, സംഖ്യാപോക്കറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | പി.ടി.എ 1000/- |
| നാണയങ്ങൾ, | | സപ്തംബർ | ക്ലാസ് | 200 |

- കുട്ടികളിൽ സർഗ്ഗാത്മക ചേനാരശേഷി വളർത്തുന്നു.
- മഹാന്മാരുടെ ജീവിതത്തെക്കുറിച്ചറിയാനും ജീവിതത്തിൽ നല്ല ആശയങ്ങൾ പ്രയോജനപ്പെടുത്താനും കഴിയുന്നു.
- വ്യവഹാരരൂപങ്ങളെ സ്വന്തം ഭാഷയിൽ എഴുതി അവതരിപ്പിക്കുന്നു.
- വായനയിലൂടെ ഭാഷാവികാസം സാധ്യമാകുന്നു.
- കവിതകൾ കേട്ടും ചൊല്ലിയും ആസ്വദിക്കുന്നു.
- വിവിധ വ്യവഹാരരൂപങ്ങളിലൂടെ ഭാഷാവികാസം സാധ്യമാകുന്നു.
- ഭാഷാപരമായ ശേഷികൾ കൈവരിക്കുന്നു.

ക്ലാസ് : III

വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റി എഴുതുന്നു. | • പാഠഭാഗത്തെ കവിതയുടെ റേഡിയോ, വിഡിയോ പ്രദർശനം<br>• പരിചയപ്പെട്ട കവിതയെ കഥ / നാടക രൂപത്തിലേക്ക് മാറ്റി എഴുതുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |
| ശബ്ദവ്യതിയാനം, ഒഴുക്ക്, ഉച്ചാരണശുദ്ധി എന്നിവയോടെയുള്ള വായന | • വായനാകാർഡുകൾ നിർമ്മാണം<br>• വായനക്കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് പ്രവർത്തനങ്ങളുടെ ഫലമായി തയ്യാറാക്കിയ രചനകൾ,ഡയറിക്കുറിപ്പ്, പത്രവാ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ SRG | 2000 |

| | | | | |
|---|---|---|---|---|
| | ന തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കൽ.<br>• വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ<br>• വായിച്ച പുസ്തകത്തിലെ ഒരു ഭാഗം ക്ലാസിലും അസംബ്ലിയിലും ഉറക്കെ വായിക്കൽ<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകസമാഹരണം | | | |
| നിശ്ചിതവിഷയവുമായി ബന്ധപ്പെട്ട വ്യവഹാരരൂപങ്ങളുടെ ശേഖരണവും അവതരണവും | • അധ്വാനത്തിന്റെ മഹത്വം വിളിച്ചോതുന്ന കഥ/കവിത ശേഖരിക്കൽ. അവയെ റോൾപ്ലേ/ മൈമിംഗ് എന്നിവയിലൂടെ അവതരിപ്പിക്കൽ<br>• കൃഷിക്കാരനുമായി അഭിമുഖം | ആഗസ്ത് സപ്തംബർ | ക്ലാസ് ടീച്ചർ SRG | |
| സർഗ്ഗാത്മകരചനകളിലേർപ്പെടാൻ അവസരമൊരുക്കൽ വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ | • ആശംസാകാർഡ് നിർമാണം<br>• നിർമ്മിച്ച കാർഡ് കൂട്ടുകാരന് കൈമാറൽ<br>• കൂട്ടുകാരന് കത്തെഴുതൽ, മേൽവിലാസമെഴുതി പോസ്റ്റ് ചെയ്യൽ<br>• പാഠഭാഗത്തെ കഥയുടെ വിഡിയോ പ്രദർശനം. തുടർന്ന് കഥയെ നാടകരൂപത്തിൽ എഴുതൽ.<br>• കഥയരങ്ങ്, രചനാശിൽപ്പശാല എന്നിവ സംഘടിപ്പിക്കൽ | സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG | 2000/- |
| മഹാത്മാക്കളുടെ ജീവിതത്തെക്കുറിച്ചും അവരുടെ ആശയങ്ങളെക്കു | • കുട്ടികൾക്കറിയാവുന്ന മഹദ്വ്യക്തികളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കൽ<br>• ജീവചരിത്രക്കുറിപ്പ്/ ആത്മകഥ | ഒക്ടോബർ ജനുവരി | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഭാഷാവികാസത്തെ സ്വാധീനിക്കുന്ന വിവിധ വ്യവഹാരരൂപങ്ങൾ പരിചയപ്പെടൽ | • പ്രശസ്ത വ്യക്തികളുടെ ആത്മകഥകൾ പരിചയപ്പെടുത്തൽ.<br>• അസംബ്ലിയിൽ പുസ്തക പരിചയം<br>• ദൃക്സാക്ഷി വിവരണം കേൾപ്പിക്കൽ (ഓഡിയോ)<br>• സ്കൂളിൽ കളികളുടെ ദൃക്സാക്ഷി വിവരണം നടത്തൽ.<br>• റേഡിയോ നാടകം പരിചയപ്പെടുത്തൽ, ഓഡിയോ കേൾപ്പിക്കൽ.<br>• പാഠഭാഗത്തെ റേഡിയോ നാടകരൂപത്തിൽ അവതരിപ്പിക്കൽ. | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ക്ലാസ് ടീച്ചർ<br>SRG | |
| ഭാഷാപരമായ വിവിധ ശേഷികളുടെ വികസനം | • പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ രചനകളുടെ പ്രദർശനവും അവതരണവും.<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ രചനകളുടെ പ്രദർശനം. | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ<br>SRG | |

പ്രവർത്തനം .1

**മേഖല അടിസ്ഥാനശേഷി വികസനം.**

**ഉപമേഖല – ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് കൂടുതൽ പഠനസന്ദർഭങ്ങൾ സൃഷ്ടിക്കൽ | റീഡിംഗ് കോർണർ- എല്ലാ ക്ലാസുകളിലും ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ, ബാലമാസികകൾ എന്നിവ ശേഖരിച്ച് വായനാമൂല ഒരുക്കൽ | ജൂലൈ | SRG | 1500<br>SSA | ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം. |

പ്രവർത്തനം .2

മേഖല അടിസ്ഥാനശേഷി വികസനം.

ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിതദിവസം നൽകുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - | |

പ്രവർത്തനം .3

മേഖല അടിസ്ഥാനശേഷി വികസനം.

ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| പാഠഭാഗം കൂടുതൽ ആസ്വാദ്യകരമാക്കൽ | Drama & Theatre പാഠഭാഗത്തെ നാടകീയകരണസന്ദർഭങ്ങൾ കണ്ടെത്തൽ, script writing അവതരണം | പ്രതിവാരം | അധ്യാപകർ കുട്ടികൾ ഇംഗ്ലീഷ് ക്ലബ്ബ് | - | ഇംഗ്ലീഷ് ആശയവിനിമയ ശേഷി വികസിപ്പിക്കുന്നു. |

പ്രവർത്തനം .4

മേഖല അടിസ്ഥാനശേഷി വികസനം.

ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നതിന് | Sweet English കേൾക്കുവാനും പറയുവാനുമുള്ള അവസരം. ആശയവിനിമയം English games. | പ്രതിവാരം | അധ്യാപകർ | - | ഇംഗ്ലീഷ് സംസാരശേഷി വികസിപ്പിക്കുന്നു |

പ്രവർത്തനം .5

മേഖല അടിസ്ഥാനശേഷി വികസനം.

ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| Vocabulary Development | My English World - ഓരോ കുട്ടിയും ദിവസവും ഒരു English word കണ്ടെത്തി എഴുതുന്നു. ഗ്രൂപ്പിൽ അത് ഡയറിയിലേക്ക് മാറ്റുന്നു. വർഷാവസാനം ഒരു ഇംഗ്ലീഷ് ഡിക്ഷണറി ലഭിക്കുന്നു. | ജൂലായ് ഫെബ്രുവരി (മധ്യകാലം) | അധ്യാപകർ | - | ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിക്കൽ. |

പ്രവർത്തനം .6

**മേഖല അടിസ്ഥാനശേഷി വികസനം.**

**ഉപമേഖല - ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| writing | Small description. Add more lines picture descriptions. | സെപ്തംബർ ഫെബ്രുവരി | അധ്യാപകർ | - | |

**ക്ലാസ് : III പരിസരപഠനം**

**പൊതുലക്ഷ്യങ്ങൾ:**

1. നിരീക്ഷണം, താരതമ്യം, വർഗീകരണം, ലഘുപരീക്ഷണം, നിഗമനം എന്നീ പ്രക്രിയാശേഷികളിലൂടെ ശാസ്ത്രപഠനത്തിൽ താൽപ്പര്യം ഉണ്ടാക്കുന്നു. ശാസ്ത്രാഭിരുചി വളർത്തുന്നു.
2. നിരീക്ഷണ-പരീക്ഷണങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നു.
3. നല്ല ആഹാര ആരോഗ്യശീലങ്ങൾ വളർത്തുന്നു.
4. തൊഴിലിന്റെ മാഹാത്മ്യം തിരിച്ചറിയുന്നു.
5. റോഡ് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നു.

6. നമ്മുടെ സംസ്ഥാനം, ജില്ല എന്നിവയെക്കുറിച്ചുള്ള പ്രാഥമിക ധാരണ കൈവരിക്കുന്നു.
7. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായ പാർപ്പിടം, വസ്ത്രം എന്നിവയെക്കുറിച്ചറിയുന്നു.

## പ്രതീക്ഷിതപഠനനേട്ടങ്ങൾ

- ചുറ്റുപാടുമുള്ള സസ്യങ്ങളെയും ജന്തുക്കളെയും പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കുന്നു. നിരീക്ഷണപാടവം വളർത്തുന്നു.
- ജലം, മണ്ണ് എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നു. സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടാനുള്ള മനോഭാവം വളർത്തിയെടുക്കുന്നു.
- നല്ല ആഹാര-ആരോഗ്യശീലങ്ങളെക്കുറിച്ചുള്ള ബോധം വളർത്തിയെടുക്കുന്നു. കൃഷിയിൽ താൽപ്പര്യം വളർത്തിയെടുക്കുന്നു.
- വിവിധതരം തൊഴിലുകളെക്കുറിച്ച് അറിയുന്നു. എല്ലാ തൊഴിലും മഹത്വമുള്ളതാണെന്ന് തിരിച്ചറിയുന്നു.
- നിരീക്ഷണപാടവം വളർത്തുന്നു.
- റോഡ് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നു.
- കേരളത്തെക്കുറിച്ചും ജില്ലകളെക്കുറിച്ചും സാമാന്യധാരണ നേടുന്നു.
- ഭൂമിയുടെ ആകൃതിയെക്കുറിച്ചും മറ്റും അടിസ്ഥാനധാരണ നേടുന്നു.
- പലതരം വീടുകളെക്കുറിച്ച് മനസ്സിലാക്കുന്നു.

**ക്ലാസ് : III** **വിഷയം : പരിസരപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ആഹാരം,ആരോഗ്യം, ജീവിതശൈലി തുടങ്ങിയവയെക്കുറിച്ച് ബോധവാന്മാരാക്കുകയും ഇവയിൽ ശാസ്ത്രീയ | • ശുചിത്വമില്ലായ്മ മൂലം ഉണ്ടാകുന്ന അപകടങ്ങൾ, രോഗങ്ങൾ - വീഡിയോ പ്രദർശനം.<br>• ആരോഗ്യബോധവൽക്കരണ ക്ലാസ്.<br>• പോസ്റ്റർ, ലഘുരേഖകൾ | ആഗസ്ത് | ക്ലാസ് ടീച്ചർ | 500/- |

| | | | | |
|---|---|---|---|---|
| ഭൂമിയെക്കുറിച്ചുള്ള അടിസ്ഥാനധാരണ കൈവരിക്കുന്നു. | ഫീൽഡ് ട്രിപ്പ് | | SRG | |
| മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ വസ്ത്രം, പാർപ്പിടം എന്നിവയെക്കുറിച്ചറിയുന്നു. | • വീടുനിർമ്മാണഘട്ടങ്ങൾ - സന്ദർശനം.<br>• പലതരം വീടുകൾ- നിർമ്മാണം, പ്രദർശനം<br>• തുണിനെയ്ത്തുശാല - സന്ദർശനം (പഠനയാത്ര) | ഫെബ്രുവരി മാർച്ച് | ക്ലാസ് ടീച്ചർ<br>SRG<br>PTA | |

പ്രവർത്തനം .1

**മേഖല അടിസ്ഥാനശേഷി വികസനം.**

**ഉപമേഖല – ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| 100 മുതൽ 1000 വരെയുള്ള സംഖ്യാബോധം | കളിനോട്ടുകൾ, നാണയങ്ങൾ, ടോക്കണുകൾ, മഞ്ചാടി, മുത്ത്, സംഖ്യാ | 3 മാസം | അദ്ധ്യാപകർ രക്ഷിതാ | - | 1000 വരെയുള്ള സംഖ്യകൾ |

| | | | | | |
|---|---|---|---|---|---|
| | കാർഡ്, ഡയസ് എന്നിവ ഉപയോഗിച്ച് സംഖ്യാബോധം ഉണ്ടാക്കൽ | | കർ | | വായിക്കുന്നു. |

പ്രവർത്തനം .2

മേഖല അടിസ്ഥാനശേഷി വികസനം.

ഉപമേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| മൂന്നക്ക സംഖ്യകളുടെ സങ്കലനം | സംഖ്യാകാർഡ്, കളിനോട്ടുകൾ, ഡൈസ്, സംഖ്യാപോക്കറ്റ് | 2 മാസം | SRG<br>അദ്ധ്യാപകർ | SSA 1000 | ഒരു മൂന്നക്ക സംഖ്യയോട് മറ്റൊരു മൂന്നക്ക സംഖ്യ കൂട്ടുന്നതിനുള്ള രീതികൾ വിശദീകരിക്കുന്നു. |

പ്രവർത്തനം .3

മേഖല അടിസ്ഥാനശേഷി വികസനം.

ഉപമേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| വ്യവകലനക്രിയകൾ ഉപയോഗിച്ച് നിത്യജീവിതത്തിലെ പ്രശ്നപരിഹരണം നടത്തൽ. | കളിനോട്ടുകൾ ഉപയോഗിച്ച് കളികളിലൂടെയുള്ള പ്രവർത്തനങ്ങൾ, കടക്കാരൻ, വില്പന, വാങ്ങുന്നയാൾ എന്നിവയിലൂടെ പ്രശ്നപരിഹരണം നടത്തുന്നു. | 3 മാസം | അദ്ധ്യാപകർ<br>കുട്ടികൾ | - | നിത്യജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വ്യവകലനക്രിയ ഉപയോഗിക്കുന്നു. |

പ്രവർത്തനം .4

മേഖല അടിസ്ഥാനശേഷി വികസനം.

ഉപമേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|

**മേഖല അടിസ്ഥാനശേഷി വികസനം.**

**ഉപമേഖല - മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ് പഠനപാക്കേജും വർക് ഷീറ്റുകളും തയ്യാറാക്കൽ പ്രത്യേകം ക്ലാസ്സുകൾ പോസ്റ്റ് ടെസ്റ്റ് തുടർപ്രവർത്തന പാക്കേജ് രൂപപ്പെടുത്തൽ. വായനാസാമഗ്രികൾ ലഭ്യമാക്കൽ | ജൂൺ-ജൂലായ് (ഗ്രമ്പകാലം) | വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ | പി.ടി.എ 1000/- | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു. അടിസ്ഥാനശേഷി കൈവരിക്കുന്നു. |

**പ്രവർത്തനം .2**

**മേഖല അടിസ്ഥാനശേഷി വികസനം.**

**ഉപമേഖല - ആശയ ചിത്രീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| കവിതയിലെ കഥയിലെ ആശയത്തെ ചിത്രീകരിക്കൽ. വായിച്ച കഥയിലെയും കവിതയിലെയും സന്ദർഭങ്ങൾ ചിത്രീകരിക്കൽ | കുട്ടിചിത്രകാര കൂട്ടായ്മ പ്രാദേശിക ചിത്രകാരന്മാരുടെ സഹായത്തോടെ ചിത്രീകരണശില്പശാല | പ്രതിമാസ പരിപാടി | അദ്ധ്യാപകർ എച്ച്.എം | പി.ടി.എ | പാഠഭാഗത്തെ ആശയത്തെ ചിത്രീകരിക്കുന്നു. |

**പ്രവർത്തനം .3**

**മേഖല അടിസ്ഥാനശേഷി വികസനം.**

**ഉപമേഖല - ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിത നേട്ടങ്ങൾ |
|---|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ/രചനകൾ പരിചയപ്പെടാൻ അവസരമൊരുക്കൽ . | ക്ലാസ് ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ, വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് വിതരണരജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ പുസ്തകപരിചയം പുസ്തക ചർച്ച | പ്രതിവാരം പ്രതിമാസം | എച്ച്.എം അദ്ധ്യാപകർ പി.ടി.എ | സ്പോൺസർഷിപ്പ് | വിവിധ സാഹിത്യരചനകളെക്കുറിച്ച് മനസ്സിലാക്കുന്നു. ഉചിതമായ വ്യവഹാരരൂപങ്ങൾ തയ്യാറാക്കുന്നു. |

**പ്രവർത്തനം .4**

| | | | | | |
|---|---|---|---|---|---|
| | ക്കുന്നു. | | | | |

# ക്ലാസ് IV

## ഇംഗ്ലീഷ്

### പൊതുലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി കൈവരിക്കുന്നു.
- തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഇംഗ്ലീഷിൽ സർഗ്ഗാത്മകരചനകൾ നടത്തുന്നു.
- ഇംഗ്ലീഷ് ഭാഷാശേഷികളുടെ വികാസം

### പ്രതീക്ഷിതനേട്ടങ്ങൾ

- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നു.
- തെറ്റില്ലാതെ ഇംഗ്ലീഷിൽ എഴുതാനുള്ള ശേഷി നേടുന്നു.
- കളികളിലൂടെ ഇംഗ്ലീഷ് ഭാഷ എളുപ്പമാക്കുന്നു.
- സർഗ്ഗാത്മകരചനകളുടെ അവതരണം നടത്തുന്നു.
- ഇംഗ്ലീഷ് ഭാഷയിൽ താൽപ്പര്യം വളർത്തുന്നു.

| | | | | | |
|---|---|---|---|---|---|
| | ക്കുന്നു | | | | |

# ക്ലാസ് IV

## ഇംഗ്ലീഷ്

### പൊതുലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി കൈവരിക്കുന്നു.
- തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഇംഗ്ലീഷിൽ സർഗ്ഗാത്മകരചനകൾ നടത്തുന്നു.
- ഇംഗ്ലീഷ് ഭാഷാശേഷികളുടെ വികാസം

### പ്രതീക്ഷിതനേട്ടങ്ങൾ

- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നു.
- തെറ്റില്ലാതെ ഇംഗ്ലീഷിൽ എഴുതാനുള്ള ശേഷി നേടുന്നു.
- കളികളിലൂടെ ഇംഗ്ലീഷ് ഭാഷ എളുപ്പമാക്കുന്നു.
- സർഗ്ഗാത്മകരചനകളുടെ അവതരണം നടത്തുന്നു.
- ഇംഗ്ലീഷ് ഭാഷയിൽ താൽപ്പര്യം വളർത്തുന്നു.

ക്ലാസ് : IV

വിഷയം : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | • ഇംഗ്ലീഷ് കഥകളുടെ വീഡിയോ പ്രദർശനം<br>• പാഠഭാഗം വീഡിയോ പ്രദർശനം<br>• ഇംഗ്ലീഷ് അസംബ്ലി<br>• ഓരോ ദിവസത്തെയും ക്ലാസ് പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ പറഞ്ഞവതരിപ്പിക്കൽ.<br>• അസംബ്ലിയിൽ ഒരു വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ സംസാരിക്കൽ<br>• ഇംഗ്ലീഷ് കഥ/കവിത/ പ്രസംഗം/സ്കിറ്റ് എന്നിവ ബാലസഭയിൽ അവതരിപ്പിക്കൽ | ജൂൺ ജൂലായ്<br><br>പ്രതിമാസം | ക്ലാസ് ടീച്ചർ<br>HM<br><br>SRG | |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | • പാഠഭാഗത്തെ ആസ്പദമാക്കിയുള്ള ഡയറിക്കുറിപ്പ് തയ്യാറാക്കൽ<br>• കുട്ടികൾ ഓരോ ദിവസത്തെയും ക്ലാസ്റൂം അനുഭവങ്ങളും മറ്റും ഉൾപ്പെടുത്തി ലഘുവാക്യത്തിൽ ഡയറി ഇംഗ്ലീഷിൽ എഴുതുന്നു.<br>• ക്ലാസ് ലൈബ്രറി | ആഗസ്ത് സെപ്തംബർ | ക്ലാസ് ടീച്ചർ | 1000/- |
| കളികളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഇംഗ്ലീഷ് ഭാഷാപഠനം സാധ്യമാക്കൽ | • ചിത്രരചന, പക്ഷി<br>• പക്ഷിനിരീക്ഷണം<br>• പക്ഷിയുടെ ശരീരഭാഗങ്ങൾ ചിത്രീകരണം<br>• കടങ്കഥകൾ<br>• ഇംഗ്ലീഷ് പദപ്രശ്നം | ഒക്ടോബർ ഡിസംബർ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മകപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നു. | • പാഠഭാഗത്തെ നാടകം വീഡിയോ പ്രദർശനം<br>• കുട്ടികളുടെ നാടകാവതരണം | ജനുവരി മാർച്ച് | ക്ലാസ് ടീച്ചർ | |

# ക്ലാസ് IV

**ഗണിതം**

**പൊതുലക്ഷ്യങ്ങൾ**

- നാലക്കസംഖ്യകളെക്കുറിച്ചുള്ള ധാരണ.
- ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സമയം, നീളം, ഭാരം തുടങ്ങിയ മെട്രിക് അളവുകളെക്കുറിച്ചുള്ള ധാരണ.
- ജ്യാമിതീയരൂപങ്ങൾ പരിചയപ്പെടൽ.
- ഭിന്നസംഖ്യ എന്ന ആശയം രൂപീകരിക്കൽ.
- അഞ്ചക്കസംഖ്യകളെക്കുറിച്ചുള്ള ധാരണ.

**പ്രതീക്ഷിതനേട്ടങ്ങൾ**

- നാലക്കസംഖ്യകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹരണം നടത്തുന്നു.
- സമയം, നീളം, ഭാരം എന്നിവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- ചുറ്റുപാടുമുള്ള ജ്യാമിതീയ പാറ്റേണുകൾ കണ്ടെത്തുന്നു. ക്രിയാഫലം മനക്കണക്കായി പറയുന്നു.

- ഗുണനം , ഹരണം ഉപയോഗപ്പെടുത്തി പ്രശ്നപരിഹരണം നടത്തുന്നു.
- നിശ്ചിതരൂപങ്ങളെയും മറ്റും 1/2, 1/4, 3/4 ആയി ഭാഗിക്കുന്നു. രീതി വിശദീകരിക്കുന്നു.
- അഞ്ചക്കസംഖ്യകളുടെ സ്ഥാനവില, സംഖ്യാബോധം, സംഖ്യാബന്ധം എന്നീ ശേഷികൾ നേടുന്നു

ക്ലാസ് : IV

വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| നാലക്കസംഖ്യകൾ ഉൾപെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | • സംഖ്യാകാർഡ്, സ്ഥാനവിലപ്പോക്കറ്റ്, അബാക്കസ്, കളിനോട്ടുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>• ക്ലാസിലൊരു കളിച്ചന്ത | ജൂൺ | ക്ലാസ് ടീച്ചർ | |
| സമയം, നീളം, ഭാരം തുടങ്ങിയ മെട്രിക് അളവുകളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നു. | • നിത്യജീവിതവുമായി ബന്ധപ്പെട്ട സമയ അളവുകൾ ദിവസവും ക്ലാസിൽ ചർച്ച.<br>• പഠനോപകരണനിർമ്മാണം (ക്ലോക്ക്, സ്കെയിൽ, തൂക്കക്കട്ടി, ത്രാസ്)<br>• ഭാരം എന്ന ആശയവുമായി ബന്ധപ്പെട്ട് പലചരക്കുകട സന്ദർശനം<br>• മെട്രിക് മേള | ജൂലൈ<br>ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>SRG | 5000/-<br>പി.ടി.എ |
| ജ്യാമിതി, സംഖ്യാശ്രേണികൾ, പാറ്റേണുകൾ, മനക്കണക്കുകൾ എന്നിവയിലൂടെ ഗണിതാസ്വാദനം സാധ്യമാക്കുന്നു | • നിരീക്ഷണത്തിലൂടെ ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ<br>• ജ്യാമിതീയപാറ്റേൺ, സംഖ്യാപാറ്റേൺ, ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം<br>• ജ്യാമിതീയ ചിത്രരചന<br>• ദിവസവും മനക്കണക്ക് | ഒക്ടോബർ<br>എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഗുണനം, ഹരണം തുടങ്ങിയ ക്രിയകൾ ഉറപ്പിക്കുന്നു. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | • സംഖ്യാകാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>• നാണയങ്ങൾ, കളിനോട്ടുകൾ ഉപയോഗിച്ച് ക്ലാസിൽ ഒരു കളിച്ചന്ത സംഘടിപ്പിക്കൽ<br>• വർക്ക് ഷീറ്റുകൾ | നവംബർ ഡിസംബർ ജനുവരി | ക്ലാസ് ടീച്ചർ | 500/- |
| ഭിന്നസംഖ്യ എന്ന ആശയം രൂപീകരിക്കൽ | • അര, കാൽ, മുക്കാൽ എന്നീ ഭാഗങ്ങളാക്കാനുള്ള പ്രായോഗിക സന്ദർഭങ്ങൾ ക്ലാസിൽ ഒരുക്കുന്നു.<br>• കടലാസിലും കാർഡ്ബോർഡിലും രൂപങ്ങൾ മുറിച്ച് നിശ്ചിത ഭാഗം ചിത്രീകരിക്കൽ | ജനുവരി | ക്ലാസ് ടീച്ചർ | |
| അഞ്ചക്കസംഖ്യകളെക്കുറിച്ചുള്ള അടിസ്ഥാന ശേഷികൾ കൈവരിക്കുന്നു. | • സംഖ്യാകാർഡ്, സ്ഥാനവിലപ്പോക്കറ്റ്, അബാക്കസ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>• സംഖ്യാകളികൾ | മാർച്ച് | ക്ലാസ് ടീച്ചർ | |

## പൊതുപ്രവർത്തനങ്ങൾ

**പദ്ധതികൾ**

**1. പിന്നോക്കക്കാർക്കുള്ള അധിക പരിശീലനം**

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1.അടിസ്ഥാന ശേഷി പരിശോധന | 2,3,4 ക്ലാസുകളിൽ നേടേണ്ട അടിസ്ഥാനശേഷികളെ അടിസ്ഥാനമാക്കി പ്രീടെസ്റ്റ് പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ - സ്കൂൾ തല ക്രോഡീകരണം | | ക്ലാസ്/ വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർ<br><br>എസ്. ആർ.ജി | പി.ടി.എ 1000 |
| 2.മൊഡ്യൂൾ തയ്യാറാക്കൽ | പഠന പാക്കേജും വർക്ക്ഷീറ്റുകളും തയ്യാറാക്കൽ | | എസ്. ആർ.ജി | പി.ടി.എ 3000 |
| 3.രക്ഷിതാക്കളുടെ യോഗം | മുഴുവൻ കുട്ടികളുടെയും രക്ഷിതാക്കളുടെയും യോഗം വിളിച്ച് പദ്ധതി വിശദീകരിക്കൽ | നാലാവാരം | എച്ച്.എം ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ക്കൽ | | | |

2. ജൈവ വൈവിധ്യപാർക്ക്

ഉദ്ദേശ്യം : സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായ പാഠ്യപദ്ധതി സൂചിപ്പിക്കുന്ന മുഴുവൻ സസ്യങ്ങളും സ്കൂൾ കോമ്പൗണ്ടിൽ നട്ടുവളർത്തൽ.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ജൈവ വൈവിധ്യ പാർക്ക് ഔഷധോദ്യാനം, ചെറിയകുളം | ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ, ജലജീവികൾ, ജലസസ്യങ്ങൾ ഉൾക്കൊള്ളുന്ന ചെറിയ കുളം നിർമ്മിക്കൽ | 2025-26 | പി.ടി.എ | എസ്.എസ്.എ 10, 000 |

3. ഓഡിറ്റോറിയം കം സ്റ്റേജ്

കുട്ടികളുടെ പൊതു പ്രകടനവേദികൾ സംഘടിപ്പിക്കാനും സമൂഹത്തിലെ പൊതുപരിപാടികൾ നടത്താനും സ്കൂൾ അസംബ്ലിചേരുന്നതിനും ഉതകുന്നരീതിയിൽ ഓഡിറ്റോറിയം കംസ്റ്റേജ് നിർമ്മിക്കണം.

ഉദ്ദേശ്യം : പൊതുപ്രകടനവേദികൾ, അസംബ്ലി, സാമൂഹിക പങ്കാളിത്തം ഇവ കാര്യക്ഷമമാക്കൽ

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം / സ്രോതസ്സ് |
|---|---|---|---|---|
| 1.ഹാൾ നിർമ്മാണം | ഹാൾ നിർമ്മാണം, നിലം ഇന്റർലോക്ക് ചെയ്ത് ഭംഗിയാക്കൽ | 2025-26 | പി.ടി.എ | എം.പി, എം.എൽ.എ ഫണ്ട് |
| 2.ശബ്ദസംവിധാനത്തോടെ സ്റ്റേജ് ഒരുക്കൽ | വൈദ്യുതീകരണം, ശബ്ദസംവിധാനം ഒരുക്കൽ | 2025-26 | പി.ടി.എ | പൂർവ്വവിദ്യാർത്ഥികൾ |

4. ഹരിതവിദ്യാലയം

ഉദ്ദേശ്യം : സ്കൂൾ സൗന്ദര്യവത്കരണം, വിഷവിമുക്ത പച്ചക്കറി ഉൽപ്പാദനം, പ്രകൃതി സംരക്ഷണം, കൃഷിയോടുള്ള മനോഭാവം വളർത്തൽ.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1.സ്കൂൾ ഹരിതവൽക്കരണം | മരത്തൈകൾ വച്ചുപിടിപ്പിക്കൽ | ജൂൺ-2025 | ഇക്കോക്ലബ്ബ് | വനംവകുപ്പ് |
| 2.പച്ചക്കറിത്തോട്ട നിർമ്മാണം | ജൈവപച്ചക്കറി കൃഷി | ആഗസ്ത് 2025 | കാർഷിക ക്ലബ്ബ് | കൃഷിവകുപ്പ് |
| 3.പൂന്തോട്ട നിർമ്മാണം | കെട്ടിടങ്ങളുടെ മുൻവശം പൂന്തോട്ടം നിർമ്മിക്കൽ | | | |

# അഞ്ചാം ക്ലാസ് അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

ക്ലാസ് ലക്ഷ്യങ്ങൾ

പ്രധാന ലക്ഷ്യങ്ങൾ
- പ്രാഥമിക വിദ്യാഭ്യാസ പൂർത്തീകരണത്തിനുള്ള തയ്യാറെടുപ്പ്
- എല്ലാ വിഷയങ്ങളിലും സ്വതന്ത്ര പഠന കഴിവ് വികസിപ്പിക്കൽ
- ഹൈസ്കൂൾ തലത്തിലേക്കുള്ള അടിത്തറ ഉറപ്പാക്കൽ
- സാമൂഹിക ബോധവും നേതൃത്വ ഗുണങ്ങളും വളർത്തൽ

പ്രത്യേക ലക്ഷ്യങ്ങൾ
- സ്വതന്ത്ര വിമർശനാത്മക ചിന്താഗതി വികസിപ്പിക്കൽ
- ഗവേഷണാധിഷ്ഠിത പഠന രീതി പരിശീലിപ്പിക്കൽ
- പാരിസ്ഥിതിക ബോധവും സാമൂഹിക ഉത്തരവാദിത്വവും വളർത്തൽ
- കലാത്മകവും ശാസ്ത്രീയവുമായ കഴിവുകളുടെ ഏകീകരണം

വിഷയ വിതരണവും പാഠ്യപദ്ധതിയും

മലയാളം

ഒന്നാം യൂണിറ്റ് (ജൂൺ-ഓഗസ്റ്റ്)
**സാഹിത്യ വിഭാഗം:**
- കഥകൾ: സാമൂഹിക സന്ദേശമുള്ള കഥകൾ
- കവിതകൾ: പ്രകൃതി വർണ്ണന, ദേശീയ ഗാനങ്ങൾ
- നാടകം: ഒറ്റങ്കം വേഷങ്ങൾ, സംഭാഷണ കഴിവുകൾ

വ്യാകരണ വിഭാഗം:
- സന്ധി നിയമങ്ങൾ
- ക്രിയാ രൂപങ്ങൾ
- വാചക വിശകലനം
- പര്യായ-വിപരീത പദങ്ങൾ

രചനാ വിഭാഗം
- വിവരണാത്മക ഉപന്യാസങ്ങൾ
- കത്തെഴുത്ത് (ഔപചാരിക/അനൗപചാരിക)
- ദിനചര്യ എഴുത്ത്

രണ്ടാം യൂണിറ്റ് (സെപ്റ്റംബർ-നവംബർ)
സാഹിത്യ വിഭാഗം:
- ജീവചരിത്ര കഥകൾ

- ഭക്തി-ദാർശനിക കവിതകൾ
- ചരിത്രാധിഷ്ഠിത നാടകങ്ങൾ

വ്യാകരണ വിഭാഗം:
- വാക്യ പരിവർത്തനം
- ശബ്ദ രൂപങ്ങൾ
- ലിംഗ-വചന പ്രയോഗങ്ങൾ
- ഭാഷാ പ്രയോഗ കഴിവുകൾ

മൂന്നാം യൂണിറ്റ് (ഡിസംബർ-ഫെബ്രുവരി)
സാഹിത്യ വിഭാഗം
- ശാസ്ത്ര കഥകൾ
- പരിഹാസ കവിതകൾ
- സാമൂഹിക നാടകങ്ങൾ

പ്രവർത്തന അധിഷ്ഠിത പഠനം
- കവിത രചന
- കഥാ നിർമ്മാണം
- ഗ്രൂപ്പ് ഡിസ്കഷൻ

നാലാം യൂണിറ്റ് (മാർച്ച്-മേയ്)
പുനരാലോചന വിഭാഗം
- സമഗ്ര പാഠ്യപദ്ധതി അവലോകനം
- മുൻകാല ചോദ്യ പത്രങ്ങൾ പരിശീലനം
- വിപുലമായ വായനാ പദ്ധതികൾ

ഇംഗ്ലീഷ്
പ്രോസ് വിഭാഗം
സ്റ്റോറികൾ:
- Moral stories with social values
- Adventure stories
- Folk tales and legends
- Historical narratives

...ഫികൾ:
...hies of great personalities
... nature articles
...ces

- ഭക്തി-ദാർശനിക കവിതകൾ
- ചരിത്രാധിഷ്ഠിത നാടകങ്ങൾ

വ്യാകരണ വിഭാഗം:
- വാക്യ പരിവർത്തനം
- ശബ്ദ രൂപങ്ങൾ
- ലിംഗ-വചന പ്രയോഗങ്ങൾ
- ഭാഷാ പ്രയോഗ കഴിവുകൾ

മൂന്നാം യൂണിറ്റ് (ഡിസംബർ-ഫെബ്രുവരി)
സാഹിത്യ വിഭാഗം
- ശാസ്ത്ര കഥകൾ
- പരിഹാസ കവിതകൾ
- സാമൂഹിക നാടകങ്ങൾ

പ്രവർത്തന അധിഷ്ഠിത പഠനം
- കവിത രചന
- കഥാ നിർമ്മാണം
- ഗ്രൂപ് ഡിസ്കഷൻ

നാലാം യൂണിറ്റ് (മാർച്ച്-മേയ്)
പുനരാലോചന വിഭാഗം
- സമഗ്ര പാഠ്യപദ്ധതി അവലോകനം
- മുൻകാല ചോദ്യ പത്രങ്ങൾ പരിശീലനം
- വിപുലമായ വായനാ പദ്ധതികൾ

ഇംഗ്ലീഷ്
പ്രോസ് വിഭാഗം
സ്റ്റോറികൾ:
- Moral stories with social values
- Adventure stories
- Folk tales and legends
- Historical narratives

നോൺ-ഫിക്ഷൻ:
- Biographies of great personalities
- Science and nature articles
- Travel experiences
- Cultural essays

പൊയട്രി വിഭാഗം
ക്ലാസിക്കൽ പൊയംസ്:

- Nature poems
- Patriotic verses
- Rhyme and rhythm practice
- Recitation skills

ഗ്രാമർ & കമ്പോസിഷൻ

വ്യാകരണം

- Parts of speech (advanced)
- Tenses (all forms)
- Active and passive voice
- Direct and indirect speech
- Prepositions and conjunctions

രചനാ വിഭാഗം

- Paragraph writing
- Letter writing (formal/informal)
- Story writing
- Essay writing (descriptive/narrative)
- Picture composition

ഗണിതം

സംഖ്യകളും അടിസ്ഥാന പ്രവർത്തനങ്ങളും

വലിയ സംഖ്യകൾ:

- 10 ലക്ഷം വരെ സംഖ്യകൾ
- സ്ഥാന മൂല്യ സംവിധാനം
- പ്രധാന/സംയുക്ത സംഖ്യകൾ
- ഉത്പാദകങ്ങൾ കണ്ടെത്തൽ

ദശാംശ സംഖ്യകൾ:

- ദശാംശ സംവിധാനം
- ദശാംശങ്ങളുടെ കൂട്ടൽ-കുറച്ചിൽ
- ദശാംശങ്ങളുടെ ഗുണനം-ഭാഗഹാരം
- ദൈനംദിന ജീവിതത്തിലെ പ്രയോഗം

ഭിന്നസംഖ്യകൾ

അടിസ്ഥാന ആശയങ്ങൾ:

- ലഘൂകരണം
- തുല്യ ഭിന്നങ്ങൾ
- ഭിന്നങ്ങളുടെ താരതമ്യം
- മിശ്ര സംഖ്യകൾ

# ഗുരുദേവ വിലാസം എ
# എൽ പി സ്കൂൾ

ലക്ഷ്യങ്ങൾ : - 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്.
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം.
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു.
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്.
5. മാഗസിൻ നിർമ്മാണം.
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>2. എഴുത്തുരീതി<br>3. ചിഹ്നങ്ങൾ ചേർത്തു വായന | 1. അക്ഷരകാർഡുകൾ നൽകുന്നു<br>2. അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3. ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4. അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICT ഉപയോഗിക്കുന്നു | 1. തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു.<br>2. രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു.<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു.<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1. കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു.<br>2. ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | CPTA | ജൂൺ ജൂലൈ ആഗസ്റ്റ് |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം**: ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്ക ശേഷം മുതിർന്ന ക്ലാസ്സിലെ ഓരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉത്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പത്തനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br><br>ലക്ഷ്യം: കട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഇ) എഴുത്തുകളാണ.<br><br>* ഓരോ കട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികള്ക്കു പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br><br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിഞ്ജാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | **മത്സരങ്ങളുടെ ലോകം:** | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | **ദിനാചരണങ്ങൾ:** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ് പ്രവർത്തനം) | | | |